തൃശ്ശൂർ ജില്ലയിൽ അരിയുടെ മൊത്തവിതരണം നടത്തുന്ന ഏജൻസികൾ

38 [1170] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ അരിയുടെ മൊത്തവിതരണം നടത്തി വരുന്നത് ഏതെല്ലാം ഏജൻസികളാണെന്ന് വ്യക്തമാക്കാമോ;

(ബി) സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേനയുള്ള അരിയുടെ മൊത്ത വിതരണം തൃശ്ശൂർ ജില്ലയിൽ നിർത്തലാക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ;

(സി) അരിയുടെ മൊത്തവിതരണം സ്വകാര്യ സ്ഥാപനങ്ങളെ ഏൽപ്പിക്കാൻ സർക്കാർ നയപരമായി തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ) തൃശ്ശൂർ ജില്ലയിൽ അരിയുടെ മൊത്തവിതരണം നടത്തി വരുന്ന ഏജൻസികളുടെ താലൂക്ക് തിരിച്ചുള്ള വിവരം ചുവടെ കൊടുത്തിരിക്കുന്നു:

തലപ്പിള്ളി താലൂക്ക്

1. ലീലാമ്മ ജോസ്, വടക്കാഞ്ചേരി
2. ലീലാമ്മ ജോസ്, ചേലക്കര
3. ലീലാമ്മ ജോസ്, കുന്ദംകുളം

മുകുന്ദപുരം താലൂക്ക്

1. എം. സി. പോൾ, ഇരിങ്ങാലക്കുട
2. കെ. കെ. അപ്പു, ,,
3. എം. വി. ജോർജ്ജ്, കല്ലേറ്റുംകര
4. കെ. എ. ശ്രീധരപൈ, മാള
5. പി. ജെ. ജോസ്, പുതുക്കാട്
6. എം. എ. ജോസ്, മറ്റത്തൂർ
7. ലില്ലി ഇട്ട്യച്ചൻ, കൊടകര
8. കെ. പി. ലാസർ-സൺസ്, പുതുക്കാട്
9. റജീന ഇട്ടൂപ്പ്, ചാലക്കുടി
10. ജയജോസ്, ചാലക്കുടി
11. കെ. എം. ബാബുരാജ്, കൊടകര

LIBRARY ARCHIVES Kerala Legislative Assembly

ചാവക്കാട് താലൂക്ക്

1. കെ. വി. സുബ്രഹ്മണ്യൻ, വലപ്പാട്
2. ഇ. എഫ്. ജോൺസൺ, വൈലത്തൂർ
3. സി. പി. അഗസ്തി, പാലയൂർ
4. ലൂസി പോൾ, പൂവത്തൂർ

കൊടുങ്ങല്ലൂർ താലൂക്ക്

1. റ്റി. എ. ജോസ് കമ്പനി, മേത്തല
2. പി. എ. തങ്കമ്മ, ശ്രീനാരായണപുരം

തൃശ്ശൂർ താലൂക്ക്

1. കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ .. 165 റേഷൻ കടകൾക്ക്
2. ജയ ജോസ് .. 133 ,,

(ബി ആന്റ് സി) ഇല്ല.

പുതിയ മാവേലി സ്റ്റോറുകൾ ആരംഭിക്കാൻ നടപടി

39 [1171] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മാവേലി സ്റ്റോർ ഇല്ലാത്ത പഞ്ചായത്തുകളിൽ മാവേലി സ്റ്റോർ അനുവദിക്കുന്നതിന് നടപടിയുണ്ടാകുമോ;

(ബി) ഇപ്പോൾ എത്ര പഞ്ചായത്തുകളിൽ മാവേലി സ്റ്റോർ നിലവില്ലെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ മാവേലി സ്റ്റോറുകളുടെ പ്രവർത്തനം വിലയിരുത്താറുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കാമോ;

(ഡി) സംസ്ഥാനത്തെ പ്രധാന കവലകൾ കേന്ദ്രമാക്കി മാവേലി സ്റ്റോർ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നതിന് അനുയോജ്യമായ കെട്ടിടം പഞ്ചായത്തധികൃതർ ലഭ്യമാക്കുന്ന മുറയ്ക്ക് മാവേലി സ്റ്റോർ ഇല്ലാത്ത എല്ലാ പഞ്ചായത്തുകളിലും മാവേലി സ്റ്റോറുകൾ ആരംഭിക്കുവാനാണ് ഉദ്ദേശ്യം.

(ബി) 185 പഞ്ചായത്തുകളിൽ.

LIBRARY ARCHIVES Kerala Legislative Assembly